ഉത്തരം

നടപ്പ് സാമ്പത്തിക വർഷം 31-3-2011 വരെ ഉണ്ടാകുവാൻ സാധ്യതയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും, 31-3-2011-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ വരാവുന്ന ഒഴിവുകൾ ഉൾപ്പെടെ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി. നിയമനം കുറ്റമറ്റരീതിയിൽ പരിഷ്കരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായുള്ള ഉന്നതാധികാര സമിതി

64 (1618) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നിയമനം സംബന്ധിച്ച് ഇപ്പോഴുള്ള നടപടിക്രമങ്ങൾ കുറ്റമറ്റരീതിയിൽ പരിഷ്കരിക്കുന്നതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഉന്നതാധികാര സമിതിയെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പി.എസ്.സി. യുമായി സർക്കാർ ചർച്ച നടത്തുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

റേഷൻ പഞ്ചസാരയുടെ കാട്ട വർദ്ധിപ്പിച്ചു നൽകാൻ നടപടി

65 (1623) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിപണിയിൽ പഞ്ചസാര വില വർദ്ധിച്ചതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പൊതുവിപണിയിൽ പഞ്ചസാര വില വർദ്ധിക്കാൻ കാരണമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന പഞ്ചസാരയ്ക്ക് എത്ര രൂപയാണ് സബ്സിഡി അനുവദിക്കുന്നത് ;

(ഡി) ബി.പി.എൽ. വിഭാഗക്കാർക്ക് പഞ്ചസാര എത്ര രൂപയ്ക്ക് വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സബ്സിഡി നിരക്കിൽ പഞ്ചസാര വിതരണം ചെയ്യുന്നതിന് കേന്ദ്ര സഹായം ലഭിക്കുമോ ; സംസ്ഥാനത്തിലുള്ള റേഷൻ പഞ്ചസാരയുടെ കാട്ട വർദ്ധിപ്പിച്ചു നൽകാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) പഞ്ചസാര പൂഴ്ത്തി വച്ച് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചസാര സ്റ്റോക്കു ചെയ്യുന്നതിനും വിപണനം നടത്തുന്നതിനും ലൈസൻസിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് പരിധി പാലിക്കുന്നുണ്ടോ എന്നും, വില പ്രദർശിപ്പിക്കുന്നുണ്ടോ എന്നും, സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥരും, കൂടാതെ മറ്റു വകുപ്പുകളുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്കോഡും പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചസാരയുടെ വിപണന വിലവർദ്ധനവിനിടയാക്കിയ സാഹചര്യം മുൻനിർത്തി മറ്റ് ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് പഞ്ചസാര നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് ശ്രമിക്കുന്നുണ്ട്. കൂടാതെ പൊതുവിപണിയിലെ പഞ്ചസാര വിലവർദ്ധനവ് പരിഗണിച്ച് സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്ന പഞ്ചസാരയുടെ വില സബ്സിഡി അനുവദിച്ച് കിലോഗ്രാമിന് 25 രൂപയാക്കി കുറച്ചിട്ടുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽ അവശ്യസാധനങ്ങൾക്കുണ്ടാകുന്ന ദൗർലഭ്യം, ഉൽപ്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ, എന്നിവയും ഇന്ധനവില വ്യത്യാസം അന്താരാഷ്ട്ര വിപണന വിലയിലെ വ്യത്യാസം എന്നിവയും രാജ്യത്താകമാനം പഞ്ചസാരയ്ക്കുണ്ടായ വില വർദ്ധനവും സംസ്ഥാനത്തെ പഞ്ചസാരയുടെ വില വർദ്ധനവിന് കാരണമാകാറുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പഞ്ചസാര കയറ്റുമതി തീരുമാനവും വിലക്കയറ്റത്തിന് കാരണമായിത്തീർന്നു.

(സി) പഞ്ചസാര വില കുറച്ചു നൽകുവാൻ 2.50 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. പ്രധാനമായും പഞ്ചസാര ഉൽപ്പാദകരിൽ നിന്നും നേരിട്ടാണ് സപ്ലൈകോ പഞ്ചസാര സംഭരിക്കുന്നത്. പഞ്ചസാര വാഹന നഷ്ടമില്ലാതെയാണ് സപ്ലൈകോ വിപണന കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നത്. ക്രിസ്തുമസ്-നവവത്സരാഘോഷങ്ങളുടെ ഭാഗമായി കിലോഗ്രാമിന് 25 രൂപ നിരക്കിൽ ഈ മാസം വിൽപ്പന നടത്തുന്നു.

(ഡി) ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് കാർഡിലെ ഒരംഗത്തിന് 400 ഗ്രാം തോതിൽ കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ പഞ്ചസാര ലഭ്യമാക്കി വരുന്നു. കൂടാതെ ഈ വിഭാഗങ്ങൾ ക്രിസ്മസ് സീസണിൽ ഒരു കിലോ പഞ്ചസാര റേഷൻവിലയ്ക്ക് കാർഡുടമകൾക്ക് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്കാണ് ഇപ്പോൾ റേഷൻ പഞ്ചസാര വിതരണം ചെയ്യുന്നത്. സംസ്ഥാനത്തിനുള്ള റേഷൻ പഞ്ചസാരയുടെ കോട്ട വർദ്ധിപ്പിച്ചു നൽകാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അവശ്യസാധനങ്ങൾ റേഷൻകടവഴി വിതരണം ചെയ്യുവാൻ നടപടി

66 (1624) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിത്യോപയോഗ സാധനങ്ങളായ പലവ്യഞ്ജനം, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിന് പ്രസ്തുത അവശ്യ സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിനു വേണ്ടി പലവ്യഞ്ജനവും പയറുവർഗ്ഗങ്ങളും ഉൾപ്പെടെയുള്ള 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിനുള്ള 354 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 75% സംസ്ഥാന സർക്കാരും 25% കേന്ദ്രസർക്കാരും ചെലവു വഹിക്കുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവശ്യസാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾവഴി നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. 1674 ശബരി എ. ആർ. ഡി. കളാണ് ഇപ്പോൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നത്.

ഹോട്ടലുകളെ ഗ്രേഡ് തിരിച്ച് ഭക്ഷ്യസാധനങ്ങൾക്ക് വില നിശ്ചയിക്കുന്ന നടപടി

67 (1627) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തട്ടുകടകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഹോട്ടലുകളിൽ യാതൊരു മാനദണ്ഡവുമില്ലാതെ ഭക്ഷ്യവസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹോട്ടലുകളെ ഗ്രേഡ് തിരിച്ച് ഭക്ഷ്യ സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. ഹോട്ടലുകളും മറ്റും നൽകുന്ന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് ഏർപ്പെടുത്തി ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ഹോട്ടലുകൾക്ക് ഗ്രേഡ് തിരിച്ച് ലൈസൻസ് നൽകേണ്ടതുള്ളതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇതിൽ തീരുമാനമെടുക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly